LIBRARY ARCHIVES Kerala Legislative Assembly

പഴശ്ശി പദ്ധതി സ്ഥലം കൈമാറുന്നതിന് നടപടി

126 (8186) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) അഴീക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻവാടി നിർമ്മിക്കുന്നതിന് പഴശ്ശി പദ്ധതിയുടെ സ്ഥലം കൈമാറുന്നതിന് നാറാത്ത് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച അപേക്ഷയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വിഷയത്തിൽ കോഴിക്കോട്, ഇറിഗേഷൻ പ്രോജക്ട്സ് ചീഫ് എഞ്ചിനീയർ സർക്കാരിലേക്ക് അയച്ച 9-4-2014-ലെ ഇ 4/1669/2014 നമ്പർ കത്തിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടുണ്ടോ ; എങ്കിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ;

(സി) പഴശ്ശി പദ്ധതിയുടെ സ്ഥലത്തിൽ നിന്ന് മൂന്ന് സെന്റ് സ്ഥലം നാറാത്ത് ഗ്രാമപഞ്ചായത്തിന് അംഗൻവാടി നിർമ്മിക്കുന്നതിനുവേണ്ടി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ; എന്നത്തേക്ക് നടപടിക്രമങ്ങൾ പൂർത്തിയാക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) നാറാത്ത് ഗ്രാമപഞ്ചായത്തിന്റെ അപേക്ഷ പരിശോധിച്ച് പദ്ധതി വിഭാഗം I ചീഫ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭൂമി വിട്ടുനൽകുന്നതിനുള്ള അനുമതി സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ചുവരികയാണ്. അനുമതി നൽകുന്നതിനുള്ള തീരുമാനമാകുന്ന മുറയ്ക്ക് ഭൂമി കൈമാറ്റത്തിനായുള്ള റവന്യൂതല തുടർ നടപടികൾ ആരംഭിക്കുന്നതാണ്.

പി.ഐ.പി. വക സ്ഥലം പത്തിയൂർ പഞ്ചായത്തിന് വിട്ടുനൽകണമെന്ന അപേക്ഷ

127 (8187) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ട പത്തിയൂർ ഗ്രാമപഞ്ചായത്തിലെ ഉപയോഗശൂന്യമായി കിടക്കുന്ന പി.ഐ.പി. വക സ്ഥലം പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി വിട്ടുനൽകണമെന്ന അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;